"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കാലടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.മണികണ്ഠൻ .ടി -യുടെ മാതാവിന്റെ ചികിത്സയ്ക്ക് തൃശ്ശൂർ അമല ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.109/2024/LSGD തീയതി,തിരുവനന്തപുരം, 17-08-2024

---

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P) No.144/2013/H&FWD നമ്പർ ഉത്തരവ്.
3. 15/12/2017-ലെ G.O.(MS) No.184/2017/H&FWD.
4. ശ്രീ.മണികണ്ഠൻ.ടി-യുടെ 04.05.2022 - ലെ അപേക്ഷയും ബില്ലുകളും.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-11-2023- ലെ LSGD/PD/ 7580/2023- DEG2 നമ്പർ കത്ത്.
6. കാലടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.05.2022ലെ 7(10) നമ്പർ തീരുമാനം.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.08.2023-ലെ (എൽ.ഡിസ്) എം.ആർ6-50391/2022/ആ.വ.ഡ നം. കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ കാലടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.മണികണ്ഠൻ.ടി- യുടെ മാതാവിന്റെ ചികിത്സയ്ക്ക് തൃശ്ശൂർ അമല ആശുപത്രിൽ ചെലവായ 1,50,359/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (7) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,29,689/-രൂപ (ഒരു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം കാലടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാലടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.മണികണ്ഠൻ.ടി-യുടെ മാതാവിന്റെ ചികിത്സയ്ക്കായി 19.03.2022 മുതൽ 06.04.2022 വരെ തൃശ്ശൂർ അമല ആശുപത്രിയിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ

ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 1,29,689/- രൂപയുടെ 80% ആയ 1,03,751/- (ഒരു ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, കാലടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്. തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

. ശ്രീ.മണികഠ്ൻ ടി, സീനിയർ ക്ലർക്ക്, കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/78/2024/LSGD ).

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ Date: 17-08-2024 11:01:07